# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 172** **07/03/2017-ൽ മറുപടിക്ക്**

## വ്യവസായശാലകൾ പുറംതള്ളുന്ന മാലിന്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കെ. രാമചന്ദ്രൻ നായർ<br>,, ജോൺ ഫെർണാണ്ടസ്<br>,, പുരുഷൻ കടലുണ്ടി<br>,, കെ.സുരേഷ് കുറുപ്പ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിലെ നദികളുടെ, വിശേഷിച്ച് പെരിയാർ നദിയുടെ തീരങ്ങളിൽ പ്രവർത്തിക്കുന്നതും നദീജലത്തെ ആശ്രയിക്കുന്നതുമായ പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും വ്യവസായ സ്ഥാപനങ്ങൾ പരിധിയിൽ കൂടുതൽ മാലിന്യങ്ങൾ പുറത്ത് വിടുന്നുണ്ടോ; | (എ) യും (ബി) യും | മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനകളിൽ വ്യവസായ സ്ഥാപനങ്ങൾ പുറന്തള്ളുവിടുന്ന ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ ഗുണനിലവാരം ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കുള്ളിൽ നിലനിർത്തിയാണ് പൊതുവെ നദിയിലേയ്ക്ക് പുറന്തള്ളുന്നത്. ചില അവസരങ്ങളിൽ മാലിന്യത്തിന്റെ തോത് അനുവദനീയപരിധിയിൽ പുറത്തായി കാണാറുണ്ട്. ശുദ്ധീകരിച്ച പാഴ്ജലം നദിയിലേയ്ക്ക് പുറന്തള്ളുന്ന സ്ഥാപനങ്ങളെ ബോർഡ് നിരന്തരം നിരീക്ഷിക്കുകയും, സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ പോരായ്മകൾ കാണുന്ന അവസരങ്ങളിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, പോരായ്മകൾ തൃപ്തികരമായി പരിഹരിക്കാത്ത പക്ഷം അടച്ചുപൂട്ടൽ ഉത്തരവ് നൽകിവരികയും ചെയ്യുന്നുണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | | |
| (സി) | വ്യവസായശാലകൾ പുറംതള്ളുന്ന ജലത്തിലെ മാലിന്യങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡത്തേക്കാൾ കൂടുതലാണെന്ന് റിപ്പോർട്ടുണ്ടോ; | (സി) | ചില അവസരങ്ങളിൽ മാലിന്യത്തിന്റെ തോത് അനുവദനീയപരിധിയിൽ പുറത്തായി കാണാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ മേഖലയിലെ ചെറുകിട വ്യവസായ ശാലകൾക്കുവേണ്ടി ട്രീറ്റ്മെന്റ് പ്ലാൻറ് നിലവിലുണ്ടോ; | (ഡി) | നിലവിലില്ല. |
| (ഇ) | ട്രീറ്റ് ചെയ്ത് പുറംതള്ളുന്ന ജലം സംബന്ധിച്ച് എന്തെല്ലാം നിബന്ധനകളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഇ) | വിവിധ തരം വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ ഗുണനിലവാരം, പരിസ്ഥിതി (സംരക്ഷണം) നിയമം, 1986 - ന്റെ കീഴിൽ വരുന്ന പരിസ്ഥിതി (സംരക്ഷണം) ചട്ടങ്ങൾ, 1986 - ൽ നിഷ്കർഷിക്കും പ്രകാരമായിരിക്കണം എന്നുള്ള നിബന്ധനകളാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതികളിൽ വ്യവസ്ഥ ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**